(ഇ) കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) തോട്ടണ്ടിയുടെ ലഭ്യതക്കുറവ് സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് പ്രതിസന്ധി എന്തെങ്കിലും ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവു കൃഷി ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഇതിൻപ്രകാരം കോർപ്പറേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇതിനായി 5 കോടി രൂപ നൽകുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു ഹൈലെവൽ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് നടപടികൾ എടുത്തുവരുന്നു. കശുവണ്ടി വ്യവസായ സ്പെഷ്യൽ ഓഫീസ് 1972-ൽ നിലവിൽ വന്നു.

(ഡി) ഫാക്ടറീസ് ആക്ടും റൂൾസും, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, മിനിമം വേജസ് ആക്ട്, അൺ രജിസ്ട്രേഡ് കാഷ്യൂ ഫാക്ടറി (പ്രൊഹിബിഷൻ) ആക്ട് 1967 മുതലായവ പ്രകാരമുള്ള ചുമതലകൾ, കശുവണ്ടി ഫാക്ടറികളുടെ ലൈസൻസ് പുതുക്കൽ, ഭേദഗതി കൈമാറ്റം, കുത്തക സംഭരണം നിലവിലുണ്ടായിരുന്നപ്പോൾ കശുവണ്ടി ഫാക്ടറികൾക്ക് തോട്ടണ്ടി വിതരണം ചെയ്യുക, തുടങ്ങിയവയാണ് കശുവണ്ടി സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമായിരുന്ന പ്രധാന ചുമതലകളും അധികാരങ്ങളും. നിലവിൽ 1967-ലെ അൺരജിസ്ട്രേഡ് കാഷ്യൂ ഫാക്റ്ററീസ് പ്രൊട്ടക്ഷൻ ആക്റ്റിന്റെ പരിധിയിൽപ്പെടുന്ന നാമമാത്രമായ അധികാരങ്ങളേ ഉള്ളൂ. ബാക്കിയുള്ളവ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടറിന്റെ അധികാരത്തിലാക്കിയിരിക്കുകയാണ്. കാഷ്യൂ സ്പെഷ്യലാഫീസറുടെ അധികാരം വിപുലീകരിച്ച് ശക്തമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) കശുവണ്ടി വ്യവസായ ഹൈലെവൽ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു. പരമാവധി തോട്ടണ്ടി ലഭ്യതയനുസരിച്ചും കൂടുതൽ ഇറക്കുമതി ചെയ്തും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ നടപടികളെടുത്തിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജ് 1.1.1999 മുതൽ പുതുക്കിയിട്ടുണ്ട്.

20 (*276) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തു നിലവിലുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംരക്ഷിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി)&(സി) 1975-ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ നേരിട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, മേൽനിയമം റദ്ദാക്കിക്കൊണ്ട് 1999-ൽ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം നടപ്പിലാക്കിയിട്ടുണ്ട്. മേൽ നിയമ പ്രകാരം 1.1.1980-നും 24.1.1986-നും ഇടയ്ക്കുള്ള ഭൂമി കൈമാറ്റത്തിലെ 2 ഹെക്ടറിൽ കൂടുതലുള്ള ഭൂമി പട്ടികവർഗ്ഗക്കാരന് തിരിച്ചു നൽകാനും 24.1.1986-നുശേഷമുള്ള കൈമാറ്റത്തിലെ മുഴുവൻ ഭൂമിയും കൈവശക്കാരനിൽനിന്നും തിരിച്ചുകൊടുക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇനി മുതൽ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കുവാനും, അത് കർശനമായി പാലിക്കുവാനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

21 (*277) ഖാദി തൊഴിലാളികൾക്ക് ഇൻഷുറൻസ്

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇൻഡ്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് ഖാദി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയതായി സർക്കാരിന് അറിവുണ്ടോ;

(സി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിനായുള്ള പണം എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് സർക്കാർ സാമ്പത്തിക സഹായം നൽകേണ്ടി വരുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇൻഷ്വറൻസ് പ്രീമിയം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly